ഉത്തരം

(എ) കോട്ടയം ജില്ലാ കളക്ടറേറ്റിൽനിന്നും ഭൂമി കൈമാറുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടില്ല. (ഫയൽ നമ്പർ 37294/എ 1/2014/റവ.)

(ബി) കടുത്തുരുത്തി എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ കടുത്തുരുത്തി വില്ലേജിൽ സർവ്വേ നമ്പർ 30/2 എ 1, 30/2 എ 2-ൽപ്പെട്ട 08.09 ആർ സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്ത് കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്കിന് കൈമാറിയിട്ടുള്ളതാണെന്നും നിർദ്ദിഷ്ട ഭൂമി കൈമാറി ലഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിൽനിന്നുള്ള എൻ.ഒ.സി. സഹിതം അപേക്ഷിക്കുന്നതിന് കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് കോട്ടയം ജില്ലാ കളക്ടർ 9-3-2015-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഉടുമ്പൻചോല താലൂക്കിലെ മിനി സിവിൽ സ്റ്റേഷൻ

161 (3910) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്ക് ആസ്ഥാനമായ മിനി സിവിൽസ്റ്റേഷൻ ഉദ്ഘാടനം നടന്നത് എന്നാണ്; നിലവിൽ ഈ സമുച്ചയത്തിൽ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഉടുമ്പൻചോല താലൂക്ക് ഓഫീസ്, മിനി സിവിൽസ്റ്റേഷനിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നാളിതുവരെ താലൂക്ക് ഓഫീസ്, സിവിൽ സ്റ്റേഷനിലേക്ക് മാറ്റാനാകാത്തതിന്റെ സാഹചര്യം വിശദീകരിക്കാമോ ?

ഉത്തരം

(എ) നെടുങ്കണ്ടത്ത് നിർമ്മിച്ച മിനി സിവിൽസ്റ്റേഷൻ 24-5-2013-ൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുള്ളതാണ്. നെടുങ്കണ്ടം മിനി സിവിൽസ്റ്റേഷനിൽ നിലവിൽ 11 ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇല്ല. മിനി സിവിൽസ്റ്റേഷനിൽ താലൂക്കാഫീസിനായി അനുവദിച്ചിട്ടുള്ള സ്ഥലത്ത് ഓഫീസ് ക്യാബിനുകൾ, കമ്പ്യൂട്ടർ, നെറ്റ്വർക്ക് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇ-ഡിസിടിക്ട് ഉൾപ്പെടെ റവന്യൂ വകുപ്പിലെ വിവിധ സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് കമ്പ്യൂട്ടർ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒഴിച്ചുകൂടാനാവാത്തതാണ്. കൂടാതെ ഫ്രണ്ട് ഓഫീസ്, ക്യാബിനുകൾ എന്നിവ പണിതാൽ മാത്രമേ താലൂക്കാഫീസിലെ എല്ലാ സെക്ഷനുകളും പ്രവർത്തിക്കുന്നതിന് മിനി സിവിൽസ്റ്റേഷനിൽ അനുവദിച്ച സ്ഥലം തികയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly